

മലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും നാളികേര വികസന ബോർഡിന്റെയും നേതൃത്വത്തിൽ കണ്ണൂർ ശ്രീപുരം ട്രെയിനിങ് സെന്ററിൽ ആരംഭിച്ച രണ്ടാംഘട്ട സൗജന്യ തെങ്ങുകയറ്റ പരിശീലന പരിപാടി അഗ്രി ഹോർട്ടി കൾച്ചറൽ സൊസൈറ്റി സെക്രട്ടറി ബി.പി. റൗഫ് ഉദ്ഘാടനം ചെയ്യുന്നു.

# തെങ്ങുകയറ്റ പരിശീലനം തുടങ്ങി

കണ്ണൂർ ● മലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയും നാളികേര വികസന ബോർഡും സംഘടിപ്പിക്കുന്ന രണ്ടാംഘട്ട തെങ്ങുകയറ്റ പരിശീലനം ശ്രീപുരം ട്രെയിനിങ് സെന്ററിൽ ആരംഭിച്ചു. അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റി സെക്രട്ടറി ബി.പി.റൗഫ് ഉദ്ഘാടനം ചെയ്തു.

ശ്രീപുരം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോസ് ചിറപ്പുറത്ത് അധ്യക്ഷത വഹിച്ചു. ഫാ. സുനിൽ പെരുമാനൂർ, പരിശീലകരായ ബാബു, സുജിത്ത്, മാസ് പ്രോജക്ട് ഓഫിസർ ജസ്റ്റിൻ എന്നിവർ പ്രസംഗിച്ചു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ സെക്രട്ടറി, മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി, ശ്രീപുരം, പി.ഒ. പള്ളിക്കുന്ന്–4 എന്ന വിലാസത്തിൽ അപേക്ഷിക്കണം.